ഇ-മെയിൽ സംവിധാനം വഴി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്

33 (1087) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-7-2014-ലെ 15343/ഉപ.C3/2014/ഉഭപവ നമ്പരിലുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശക C) വകുപ്പിന്റെ പരിപത്ര പ്രകാരവും പരിപത്രത്തിന്റെ സൂചനയിലെ പരിപത്ര പ്രകാരവും പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടത് ഇ-മെയിൽ സംവിധാനം വഴി ആയിരിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും എന്തെല്ലാം നടപടികൾ ഇതിനായി കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഈ വകുപ്പുകളിലെ കൊമേഴ്സ് (ജൂനിയർ/സീനിയർ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകൾ മേൽപറഞ്ഞ പരിപത്ര പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള സംവിധാനം ഉടൻ ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) ഇ-മെയിൽ സംവിധാനം വഴി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പ്രൊഫോർമയിൽ നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതനുസരിച്ച് ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള സമ്പ്രദായത്തിൽ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഇ-മെയിൽ സംവിധാനം മുഖേന റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly